'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 920 — 30.10.2019 ന് മറുപടിയ്ക്ക്.

## മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ കാടും നാടും വേർതിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. , നീളത്തിൽ സൗരോർജ്ജ വേലി 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ കിടങ്ങുകൾ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മി ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാര്യങ്ങൾക്ക് വയനാട് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ഇതുവരെ നടപ്പിൽ വരുത്തിയത്; ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്ത മാക്കാമോ; | (ബി) | വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷൻ പരിധിയിൽ . 20 കി.മീ. സൗരോർജ്ജ വേലിയുടെ നിർമ്മാണം, 140 കി.മീ സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾ, 1.2 കി.മി. ആന കിടങ്ങ് നിർമ്മാണം 11.7കി.മീ ആന പ്രതിരോധ മതിൽ , 400 മീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങിന്റെ അരികിൽ കല്ല് പതിക്കുന്നതിനുള്ള പ്രവൃത്തി എന്നിവ നടത്തിയിട്ടുണ്ട്.<br>നോർത്ത് വയനാട് ഡിവിഷൻ പരിധിയിൽ 221.729 കി.മീ സൗരോർജ്ജ വേലിയും, 64.366 കി.മീ. ട്രെഞ്ചും 2.87 കി.മീ കൽഭിത്തിയും |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചിട്ടുണ്ട്. <br> വയനാട് വന്യജീവി ഡിവിഷൻ പരിധിയിൽ 240.196 കിമീ ആന പ്രതിരോധ കിടങ്ങും 289.90 കി.മീ സൗരോർജ്ജ വേലിയും 6.53 കി.മീ ആന പ്രതിരോധ മതിലും, 73.947 കി.മീ. ആന പ്രതിരോധ മതിലിന്റെ അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്. <br> 2 0 1 9 – 2 0 സാമ്പത്തിക വർഷത്തിൽ ചെതലത്ത് റെയ്ഞ്ചിൽ ദാസനക്കര, പാതിരിയമ്പം, പാത്രമൂല, കക്കോടൻ ബ്ലോക്ക് പ്രദേശങ്ങളിൽ 14.5 കി.മീ. ദൂരത്തിലും, കൽപ്പറ്റ റെയ്ഞ്ചിൽ കുന്നംപുറം- പത്താംമൈൽ പ്രദേശങ്ങളിൽ 3.2 കി.മീ. ദൂരത്തിലും, മേപ്പാടി റെയ്ഞ്ചിൽ വെങ്ങക്കോട് - ചെമ്പ്ര പ്രദേശങ്ങളിൽ 5 കി.മീ. ദൂരത്തിലുമായി 25.7 കിലോ മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങ്ങ് നടപ്പിലാക്കുന്നതിന് 13.90 കോടി രൂപ കിഫ്ബി രണ്ടാംഘട്ട പ്രൊജക്റ്റ് മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പുതിയതായി 12 കിലോ മീറ്റർ നീളത്തിൽ സൗരോർജ്ജ വേലിയും, 2 കിലോ മീറ്റർ ആന പ്രതിരോധ കിടങ്ങും, 30 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ കമ്പി വേലിയുടെയും അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. <br> മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിലുള്ള കൊള്ളിവയൽ, മണൽ വയൽ, ചുള്ളിക്കാട്, മാടാപ്പറമ്പ് എന്നീ പ്രദേശങ്ങളിലെ 91 കുടുംബങ്ങളെ കിഫ്ബി രണ്ടാം ഘട്ട പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വനത്തിനുപുറത്ത് പുനരധിവാസിപ്പിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി റെയിഞ്ചുകളി-ലായി 410 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ കിഫ്ബി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ അനുമതി ലഭിച്ചതിൽ 190 മീറ്റർ നിർമ്മാണം പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. അതോടൊപ്പം കിഫ്ബി രണ്ടാംഘട്ട പ്രൊജക്റ്റിൽ ഉൾപ്പെടുത്തി കനാൽ മുതൽ പാഴൂർ വരെ 6 . 3 0 കി.മീ നീളത്തിലും വടക്കനാട് ഭാഗത്തെ പണയമ്പലം മുതൽ വെള്ളക്കെട്ട് വരെ 4.50 കി. മീ. നീളത്തിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർ – മ്മിക്കുന്നതിന് 5 . 5 0 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | എത്ര തുക ഇക്കാര്യങ്ങൾക്കായി ഇതിനകം വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ? | | മേൽ പ്രവർത്തനങ്ങൾക്കായി ഇതിനകം 2186.98 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ